LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 17-7-2014-ന് സർക്കാരിൽ ലഭിച്ച അപേക്ഷ റിപ്പോർട്ടിനായി കോഴിക്കോട്, കണ്ണൂർ ജില്ലാ കളക്ടർമാർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലാ കളക്ടർക്ക് ലഭിച്ച അപേക്ഷ ഭൂമി കൈമാറ്റ ശുപാർശ സമർപ്പിക്കുന്നതിലേക്കായി തലശ്ശേരി ആർ.ഡി.ഒ-യ്ക്ക് അയച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ കളക്ടർക്ക് ലഭിച്ച അപേക്ഷയിൽ പ്രസ്തുത ഭൂമി സംബന്ധിച്ച രേഖകൾ കോഴിക്കോട് കളക്ടേറ്റിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(സി) പരിശോധിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള രേഖകൾ ലഭ്യമാക്കുന്നതിനായി തലശ്ശേരി സബ് കളക്ടർ നടപടി കൈക്കൊണ്ട് വരുന്നുണ്ട്.

(ഡി&ഇ) ഭൂമി കൈമാറ്റ ശുപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സ്ഥിതിചെയ്യുന്ന റവന്യൂ ഭൂമി

129(4760) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സ്ഥിതിചെയ്യുന്ന റവന്യൂ ഭൂമി നഗരസഭയ്ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) റവന്യൂ ഭൂമി കൈമാറുന്നതിന് നിയമപരമായ തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന റവന്യൂ ഭൂമി നഗരസഭയ്ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് 20-8-2011-ന് സർക്കാരിൽ ലഭ്യമാക്കിയ അപേക്ഷയിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 24-9-2014-ൽ ബഹു. പ്രതിപക്ഷ ഉപനേതാവ് റവന്യൂ വകുപ്പിന് കത്തു നൽകിയിരുന്നു. ആയത് പരിശോധിച്ചതിൽ 20-8-2011-ലെ കത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയതാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പ്രസ്തുത വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണ്.